# സൈനിക ക്ഷേമവകുപ്പ്
# തിരുവനന്തപുരം

## സൗജന്യ സിവിൽസർവ്വീസ് പരിശീലനം

കേരളത്തിലെ വിമുക്തഭടന്മാരുടെ ആശ്രിതരും, 2021-ലെ ഇന്ത്യൻ സിവിൽ സർവ്വീസസ് പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്നവരുമായ ഉദ്യോഗാർത്ഥികളിൽ നിന്ന് ഈ പരീക്ഷയുടെ പ്രിലിമിനറി കം മെയിൻ (PCM) പരിശീലനത്തിന് യോഗ്യരായവരെ തിരഞ്ഞെടുക്കാനുള്ള എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. പരിശീലനം പൂർണ്ണമായും സൗജന്യമായിരിക്കും. 2020 നവംബർ മാസം 5-ാം തീയതി 11 AM ന് ആയിരിക്കും പരീക്ഷ. ജനറൽ നോളജ്, കറന്റ് അഫേഴ്സ്, മെന്റൽ എബിലിറ്റി എന്നീ വിഷയങ്ങളെ ആസ്പദമാക്കി 50 ചോദ്യങ്ങൾ ഉൾപ്പെടുത്തി $1\frac{1}{2}$ മണിക്കൂർ ദൈർഘ്യമാണ് ഈ എൻട്രൻസ് പരീക്ഷയ്ക്കുള്ളത്. സിവിൽ സർവ്വീസസ് പ്രിലിമിനറി പരീക്ഷയിലെപ്പോലെ തന്നെ നെഗറ്റീവ് മാർക്കിംഗ് ഉണ്ടായിരിക്കും. ഈ പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ 60 ഉദ്യോഗാർത്ഥികളെയാണ് തിരഞ്ഞെടുക്കുക.

ഈ പരീക്ഷയിലൂടെ തിരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 2020 നവംബർ മാസം 19-ാം തീയതി 6 PM ന്ക്ലാസ്സുകൾ ആരംഭിക്കും. ആഴ്ചയിൽ തിങ്കൾ മുതൽ വെള്ളിവരെയുള്ള 5 ദിവസങ്ങളിൽ 6 PM മുതൽ 9 PM വരെ ആയിരിക്കും ക്ലാസ്സുകൾ. അധ്യാപനം പൂർണ്ണമായും online ആയിരിക്കും. കോഴ്സ് ദൈർഘ്യം 8 മാസം.

സിവിൽ സർവ്വീസസ് പരീക്ഷാ പരിശീലനത്തിൽ കേരളത്തിലെ ആദ്യത്തെ സ്ഥാപനവും കേന്ദ്രന്യൂനപക്ഷമന്ത്രാലയത്തിന്റെ കേരളത്തിലെ സിവിൽ സർവ്വീസസ് പരീക്ഷാപരിശീലന കേന്ദ്രവുമായ തിരുവനന്തപുരത്തുള്ള ശേഷൻസ് അക്കാഡമിയാണ് സൈനികക്ഷേമവകുപ്പ് സ്പോൺസർ ചെയ്യുന്ന ഈ പരീക്ഷാപരിശീലനം നടത്തുന്നത്. എൻട്രൻസ് പരീക്ഷയിൽ പങ്കെടുക്കാൻ www.seshansacademy.com എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. 2020 നവംബർ മാസം 4-ാം തീയതി 5 PMന് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി 9495397622, 9349812622 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. email : seshansmail@gmail.com or seshansacademy@gmail.com.